"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.നൗഷാദ് ബി. യെ (പെൻ - 494185) സംസ്ഥാന മിഷനിൽ ഫിനാൻസ് മാനേജർ-കം-അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.6/2025/LSGD തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:-

1. സർക്കുലർ നം.42/2013/ധന തീയതി 10.05.2013
2. സ.ഉ.(പി)നം.580/2013/ധന തീയതി 28.11.2013
3. സ.ഉ.(കൈ)നം.107/2019/ത.സ്വ.ഭ.വ തീയതി 22.08.2019
4. സ.ഉ.(സാധാ) നം.2426/2023/ത.സ്വ.ഭ.വ തീയതി 06.12.2023
5. MGNREGS മിഷൻ ഡയറക്ടറുടെ 12.11.2024-ലെ NREGA/1595/2023-A1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ ഫിനാൻസ് മാനേജർ-കം-അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിൽ ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.സുനിൽകുമാർ.വിയെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. സുനിൽകുമാർ.വി യുടെ അന്യത്ര സേവന കാലാവധി 13.12.2024 തീയതിയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ ടി തസ്തികയിൽ മറ്റൊരു ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവാകണമെന്ന് പരാമർശം (5) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ നിലവിലുള്ള ഫിനാൻസ് മാനേജർ-കം-അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിലേക്ക് ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.നൗഷാദ് ബി.യെ (പെൻ - 494185) പരാമർശം (2) സർക്കാർ ഉത്തരവിന് അനുസൃതമായി, ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കെ.എസ്.ആർ-ലെ ചട്ടം 140(സി)-യിലെ വ്യവസ്ഥയ്ക്കും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ധനകാര്യ വകുപ്പ് (1533765/Admn.A2/186/2020-Fin പ്രകാരം)
ശ്രീ.നൗഷാദ് ബി, സെക്ഷൻ ഓഫീസർ, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 04-01-2025 14:07:11
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്